# മലങ്കര മാർത്തോമ്മാ സുറിയാനി സഭ

## ഡൽഹി ഭദ്രാസനത്തിന്റെ
## ഡോ. ഏബ്രഹാം മാർ പൗലൊസ് എപ്പിസ്കോപ്പായിൽ നിന്നും

സർക്കുലർ നമ്പർ : 05

നമ്മുടെ അധികാരത്തിൽപ്പെട്ട ഡൽഹി ഭദ്രാസനത്തിലെ സകല പള്ളികളുടെയും വികാരിമാരും, ദേശത്ത് പട്ടക്കാരും, ഇടവകചുമതലക്കാരും, ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്,

കർത്താവിൽ പ്രിയരേ,

മലങ്കര മാർത്തോമ്മാ സുവിശേഷ സേവിക സംഘം രൂപം കൊണ്ടിട്ട് 90 വർഷം പിന്നിട്ടു. നമ്മുടെ സേവികാ സംഘം സഭയിലും സമുഹത്തിലും നൽകുന്ന സംഭവനകൾ വളരെ വിലപ്പെട്ടതാണ്. നമ്മുടെ ഭദ്രാസനത്തിൽ സെന്റർ, ശാഖാ തലങ്ങളിൽ സേവികാ സംഘം സജീവമായി പ്രവർത്തിക്കുന്നുവെന്നതിൽ ദൈവത്തെ സ്തുതിക്കുന്നു. എന്നാൽ ഡൽഹി ഭദ്രാസനം രൂപം കൊണ്ടതിന് ശേഷം ഭദ്രാസനതലത്തിൽ സേവികാസംഘ പ്രവർത്തനങ്ങൾ ക്രോഡീകരിക്കുന്നതിന് സാധിച്ചിട്ടില്ല. ആയതിനാൽ ഭദ്രാസനതലത്തിൽ സേവികാ സംഘപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ സംഘത്തിന്റെ ഭദ്രാസന പ്രതിനിധി സഭ വിളിച്ചുകൂട്ടുന്നതിന് ആഗ്രഹിക്കുന്നു. ഭദ്രാസന പ്രതിനിധി സഭ വിളിച്ചുചേർത്തു ക്രമീകരണങ്ങൾ ചെയ്യുന്നതിന് ദിവ്യശ്രീ. ഡോ. കോശി പി. വർഗീസ് കശീശ്ശായെ (Vicar, All Saints Mar Thoma Church, Faridabad) ചുമതലപ്പെടുത്തിയിരിക്കുന്നു.

ഭദ്രാസന പ്രതിനിധി സഭ രൂപിക്കരിക്കുന്നതിനായി സെന്റർ പ്രസിഡന്റുമാർ, സെന്റർ സെക്രട്ടറിമാർ, സെന്റർ സേവികാസംഘത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒരു പ്രതിനിധി, ശാഖകളിൽ നിന്നും തെരഞ്ഞെടുത്ത് അയയ്ക്കുന്ന പ്രതിനിധികൾ (ഓരോ ശാഖയിലും 150 അംഗങ്ങൾ വരെയുള്ള ഇടവകകളിൽ നിന്നും ഒന്നും, 500 വരെ രണ്ടും, 1000 വരെ മൂന്നും, അതിനുമേൽ നാലും പ്രതിനിധികളെ ശാഖായോഗം കൂടി ഭദ്രാസന പ്രതിനിധി സഭയിലേക്ക് തെരഞ്ഞെടുത്ത് അയയ്ക്കേണ്ടതാണ്.) എന്നിവരുടെ പേര്, അഡ്രസ്, ഫോൺ നമ്പർ എന്നിവ സഹിതം 2009 നവംബർ 15–ാം തീയതിക്ക് മുമ്പായി സെന്റർ/ശാഖ പ്രസിഡന്റുമാരുടെ ഒപ്പോടുകൂടി **Rev. Dr. Koshy P. Varghese, Mar Thoma Centre, 26, Bhai Vir Singh Marg, Gole Market, New Delhi – 110 001** എന്ന വിലാസത്തിൽ അയച്ചുകൊടുക്കേണ്ടതാണ്.

ഭദ്രാസന പ്രതിനിധി സഭ കൂടി ഭദ്രാസന സേവികാസംഘത്തിന്റെ ഔദ്യോഗിക ഭാരവാഹികളെയും ഭദ്രാസന സമിതി അംഗങ്ങളെയും തെരഞ്ഞെടുക്കുന്നതായിരിക്കും.

സെപ്റ്റംബർ 13–ാം തീയതിയിലെ സേവികാസംഘദിന സ്തോത്രകാഴ്ച ഭദ്രാസന സേവികാ സംഘ പ്രവർത്തനങ്ങൾക്കായി നീക്കിവച്ചിട്ടുള്ളതാകയാൽ ആയത് ഭദ്രാസന ഓഫീസിൽ താമസംവിനാ അടക്കേണ്ടതാണ്.

നമ്മുടെ കർത്താവേശുമ്ശിഹായുടെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കുമാറാകട്ടെ.

ക്രിസ്താബ്ദം 2009 സെപ്റ്റംബർ മാസം 15–ാം തീയതി ഡൽഹി മാർത്തോമ്മാ സെന്ററിൽ നിന്നും

**ഡോ. ഏബ്രഹാം മാർ പൗലൊസ് എപ്പിസ്കോപ്പാ**